**ഭരണഭാഷ-മാതൃഭാഷ**

WCD/D1-20782/18

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 29-09-2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ.

എല്ലാ കീഴ്ക്കാര്യാലയ മേധവികൾക്കും.

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - കീഴ്ക്കാര്യാലയങ്ങളിൽ GST രജിസ്ട്രേഷൻ എടുക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) ചരക്ക് സേവന നികുതി ഓഫീസിലെ 17-08-2021 തീയതിയിലെ CT 5910.C9 നമ്പർ കത്ത്.
2) ഈ കാര്യാലയത്തിലെ 23-01-2020, 05-11-2020 തീയതികളിലെ മേൽ നമ്പർ കത്ത്.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള വിവിധ കീഴ്ക്കാര്യാലയങ്ങളിൽ GST രജിസ്ട്രേഷൻ എടുക്കുന്നത് സംബന്ധിച്ച് ഈ കാര്യാലയത്തിൽ നിന്ന് സൂചന (2) പ്രകാരം നിർദ്ദേശം നല്കിയിരുന്നു. ഇക്കാര്യം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനായി ചരക്ക് സേവന നികുതി വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരം വ്യക്തത നല്കിയിട്ടുണ്ട്. ആയതിൻ പ്രകാരം പ്രോഗ്രാം ഓഫീസുകൾ, ജില്ലാ വനിത ശിശു വികസന ഓഫീസുകൾ എന്നിവ നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

പല കീഴ്ക്കാര്യാലയങ്ങളിലും GST ആയി ലഭിക്കുന്ന തുകകൾ ഓഫീസിൽ സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഒഴിവാക്കി ജില്ലാ വനിത ശിശു വികസന ഓഫീസുകൾ, പ്രോഗ്രാം ഓഫീസുകൾ എന്നിവ വഴി GST തുകകൾ അടച്ച് നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ഇനിയും GST രജിസ്ട്രേഷൻ എടുക്കാത്ത കാര്യാലയ മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി.

ജികെ/